**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4247** **20.03.2018-ൽ മറുപടിയ്ക്ക്**

## കൊച്ചിയിലെ പൊതുഗതാഗത വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി നഗരത്തിൽ മെട്രോ റെയിൽ പ്രവർത്തനക്ഷമമാകുന്നതിന് മുൻപും ശേഷവും പൊതുസർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വ്യത്യാസം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കൊച്ചി നഗരത്തിൽ മെട്രോ റെയിൽ പ്രവർത്തനക്ഷമമാകുന്നതിന് മുൻപും ശേഷവും പൊതുസർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വ്യത്യാസം സംഭവിച്ചിട്ടില്ല. |
| (ബി) | നഗരത്തിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ബസുകളിൽ എത്രയെണ്ണം നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്നുവെന്നും ഏതൊക്കെ പ്രദേശങ്ങളിലേക്കെന്നും വ്യക്തമാക്കാമോ? | (ബി) | തിരുകൊച്ചി , ജൻറം എ.സി, ജൻറം നോൺ എ.സി ഉൾപ്പെടെ 126 ബസ്സുകൾ നഗരത്തിൽ സർവീസ് നടത്തി വരുന്നു. അതിൽ 28 എണ്ണം ബസുകൾ പനമ്പ്കാട്, കാക്കനാട്, കുമ്പളങ്ങി, ചെല്ലാനം, പൂത്തോട്ട, ചേരാനല്ലൂർ, ഞാറയ്ക്കൽ,ചെറായി, ചിറ്റൂർ, ഫോർട്ട് കൊച്ചി, വട്ടതല, പിറവം, തൃപ്പൂണിത്തുറ, അരൂർ, ആലുവ, ചോറ്റാനിക്കര, ബ്രഹ്മമംഗലം, അങ്കമാലി, പറവൂർ, ഗോശ്രീ, കണ്ടയിനർ, ഇടപ്പള്ളി, എയർപോർട്ട്, കോതമംഗലം, പെരുമ്പാവൂർ, മട്ടാഞ്ചേരി, തൊട്ടുപുഴ, കൊടുങ്ങല്ലൂർ എന്നീ പ്രാന്തപ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ